"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം-കൊല്ലം ജില്ലയിലെ ചടയമംഗലം ഗ്രാമ പഞ്ചായത്തിലെ ക്ലാർക്ക് ശ്രീമതി.ശ്രീജ ശശിയ്ക്ക് കെ.എസ്.ആർ, ഭാഗം I അനുബന്ധം XII C പ്രകാരം ശൂന്യവേതനാവധി ദീർഘിപ്പിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1142/2022/LSGD തീയതി,തിരുവനന്തപുരം, 06-05-2022

---

പരാമർശം:-

1. പഞ്ചായത്ത് ഡയറക്ടറുടെ 24.11.2015 ലെ ഇ 6-36070/15 നമ്പര് നടപടിക്രമം
2. ശ്രീമതി. ശ്രീജ ശശിയുടെ 18.07.2020 ലെ ശൂന്യവേതനാവധിയപേക്ഷ.
3. പഞ്ചായത്ത് ഡയറക്ടറുടെ 24.02.2021, 01.11.2021 എന്നീ തീയതികളിലെ ഇ6-11431/20നമ്പർ കത്തുകൾ.

**ഉത്തരവ്**

കൊല്ലം ജില്ലയിലെ ചടയമംഗലം ഗ്രാമ പഞ്ചായത്തിലെ ക്ലാർക്ക് ശ്രീമതി ശ്രീജ ശശിയ്ക്ക് പരാമർശം (1) പ്രകാരം അനുവദിച്ച ശൂന്യവേതനാവധിയ്ക്ക് തുടർച്ചയായി കെ .എസ് .ആർ ഭാഗം 1, അനുബന്ധം 12 സി പ്രകാരം ശൂന്യവേതനാവധി ദീർഘിപ്പിച്ച് നൽകണ മെന്നാവശ്യപ്പെട്ട് പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം ( 3 ) പ്രകാരം ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. പരാമർശം (1) പ്രകാരം അനുവദിച്ച ശൂന്യവേതനാവധി 12.12.2020 ൽ അവസാനിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അവധി കാലയളവ് അവസാനിക്കുന്ന മുറയ്ക്ക് സർവ്വീസിൽ തിരികെ പ്രവേശിക്കേണ്ടതാണെന്നും യാതൊരു കാരണവശാലും ഇനിയൊരു ദീർഘിപ്പിക്കൽ അനുവദിക്കുകയില്ലായെന്നുമുള്ള നിബന്ധനയോടെ കൊല്ലം ജില്ലയിലെ ചടയമംഗലം ഗ്രാമ പഞ്ചായത്തിലെ ക്ലാർക്ക് ശ്രീമതി.ശ്രീജ ശശിയ്ക്ക് കെ.എസ്.ആർ ഭാഗം 1, അനുബന്ധം XII C, ചട്ടം 10-ൽ ഇളവ് വരുത്തി 13.12.2020 മുതൽ 12.12.2025 വരെ 5 വർഷത്തേക്ക് മുൻകാല പ്രാബല്യത്തോടെ ശൂന്യവേതനാവധി ദീർഘിപ്പിച്ച് കൊണ്ടും തിരികെ പ്രവേശിക്കാത്ത പക്ഷം ചട്ടപ്രകാരമുള്ള അച്ചടക്കനടപടി സ്വീകരിക്കുവാൻ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകി കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം (പഞ്ചായത്ത് ഡയറക്ടർ മുഖേന).

സെക്രട്ടറി, ചടയമംഗലം ഗ്രാമപഞ്ചായത്ത്, കൊല്ലം(പഞ്ചായത്ത് ഡയറക്ടർ മുഖേന).

ശ്രീമതി.ശ്രീജ ശശി, ക്ലാർക്ക്, ചടയമംഗലം ഗ്രാമപഞ്ചായത്ത്, കൊല്ലം(പഞ്ചായത്ത് ഡയറക്ടർ മുഖേന)

ധനവകുപ്പ് 31.01.2022ലെ 254/ഡെവ-5/21/ധന നമ്പർ കുറിപ്പ് പ്രകാരം)

ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

ഓഫീസ് പകർപ്പ്/കരുതൽ ഫയൽ.(59/ഇപിഎ1/2021/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

**Signed by Danuja M S**

**Date: 06-05-2022 16:54:26**

സെക്ഷൻ ഓഫീസർ